# ഒറ്റമൂലിയായി വസ്ത്രങ്ങൾ തട്ടിപ്പിന്റെ പുതിയ മുഖമോ?

ഷേഡ്(1020 രൂപ) എന്നിങ്ങനെ പോകുന്നു ഇത്തരം വസ്ത്രങ്ങളുടെ പട്ടിക. ഇതു കൂടാതെ മുഖക്കുരു, കറുത്ത പാട് എന്നിവ മാറ്റുന്ന സോപ്പ്(185 രൂപ), ഷാംപു(490 രൂപ) ഉടങ്ങിയ പ്രതിവിധികളും കമ്പനി അവതരിപ്പിക്കുന്നുണ്ട്.

സൂര്യപ്രകാശത്തിൽനിന്ന് ലഭിക്കുന്ന ഇൻഫ്രാറെഡ് കിരണങ്ങളുടെ അഭാവമാണ് രോഗങ്ങളുടെ മൂലകാരണമെന്ന് ഇവർ പ്രചരിപ്പിക്കുന്നു. പ്രതിവിധിയായി 26 തരം മണ്ണുകളുടേയും ഏതാനും മിനറൽ ഓക്സൈഡുകളുടേയും മിശ്രിതം ചേർത്ത് പ്രിന്റ് ചെയ്യുന്ന വസ്ത്രങ്ങൾ ധരിച്ചാൽ മതിയത്രേ. ഇവ ധരിക്കുമ്പോൾ ശരീരോഷ്മാവ് മൂലം വസ്ത്രത്തിൽ നിന്നും ഫാർ ഇൻഫ്രാറെഡ് രശ്മി പുറത്തുവരുമെന്നും ശരീരത്തിലെ രക്തചംക്രമണം വർദ്ധിക്കുമെന്നുമാണ് വിശദീകരണം.

ഇത്തരം വസ്ത്രങ്ങളുടെ അവകാശവാദം പൂർണ്ണമായും തള്ളിക്കളയാനാകില്ലെങ്കിലും ഏതുരോഗത്തിനുമുള്ള ഒറ്റമൂലിയായി അവതരിപ്പിക്കപ്പെടുന്നത് ആശാസ്യമല്ലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇതിന്റെ ഔഷധമൂല്യം അംഗീകരിക്കുകയാണെങ്കിൽ പോലും മരുന്നിന്റെ വിപണനം ഇങ്ങനെയാണോ നടത്തേണ്ടതെന്ന് ചോദ്യം ഉയരേണ്ടതുണ്ട്. വിലയേറിയ ഒറ്റമൂലിയായ 'ദിവ്യവസ്ത്രങ്ങൾ' തട്ടിപ്പല്ലെന്ന് തെളിയിക്കേണ്ട ബാധ്യതയും നിർമ്മാതാക്കൾക്കു തന്നെയാണ്

(അവലംബം: ദേശാഭിമാനി)